(ബി) ഈ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത എത്ര ഉദ്യോഗാർത്ഥികൾക്ക് കഴിഞ്ഞ മൂന്നു വർഷത്തിനകം ജോലി നൽകിയിട്ടുണ്ട്;

(സി) എത്ര വർഷം സീനിയോറിറ്റി ഉള്ളവരെയാണ് ഈ എക്സ്ചേഞ്ചിൽ തൊഴിലിനായി പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മണ്ണാർക്കാട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിലവിൽ 24325 ഉദ്യോഗാർത്ഥികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞ മൂന്നു വർഷത്തിനകം 188 പേർക്ക് ജോലി നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ച് എത്രയും വേഗം നൽകുന്നതാണ്.

ലേബർ വെൽഫയർ ഓഫീസർമാരില്ലാത്ത പ്ലാന്റേഷനുകൾ

102 [3111] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

,, ഇ. എം. അഗസ്തി:

,, കെ. സി. വേണുഗോപാൽ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വിധത്തിലുള്ള പ്ലാന്റേഷനുകളിലാണ് ലേബർ വെൽഫയർ ഓഫീസർമാരെ നിയമിക്കേണ്ടതായിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന പ്ലാന്റേഷനുകളിലെല്ലാം ലേബർ വെൽഫയർ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ;

(സി) ലേബർ വെൽഫയർ ഓഫീസർമാരെ നിയമിക്കാത്ത പ്ലാന്റേഷനുകളിൽ അവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ടിലെ വകുപ്പ് 18 അനുസരിച്ച് മുന്നൂറ് തൊഴിലാളികളിൽ കൂടുതലുള്ള പ്ലാന്റേഷനുകളിൽ ലേബർ വെൽഫയർ ഓഫീസർമാരെ നിയമിക്കേണ്ടതായിട്ടുണ്ട്.

(ബി) ഇല്ല.

(സി) തോട്ടങ്ങളുടെ പരിശോധനാ വേളകളിൽ. ലേബർ വെൽഫയർ ഓഫീസർമാരെ നിയമിച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെടുന്ന അവസരങ്ങളിൽ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പരിശോധനാകുറിപ്പിൽ അത് രേഖപ്പെടുത്താറുണ്ട്. എന്നാൽ അതിൻമേൽ മേൽനടപടി സ്വീകരിക്കേണ്ടത് തോട്ടം ഉടമകളാണ്. യോഗ്യമായ എസ്റ്റേറ്റുകളിൽ വെൽഫയർ ഓഫീസർമാരെ നിയമിക്കാൻ നിഷ്ക്കർഷിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly